**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3451** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള കൃഷി വകുപ്പിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ കീഴിൽ കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ നിലവിൽ ഏതെങ്കിലും തരത്തിലുള്ള വിളകൾ കൃഷി ചെയ്യുന്നുണ്ടോ; കൃഷി വകുപ്പിന്റെ കൈവശം കോന്നി മെഡിക്കൽ കോളേജിനോട് ചേർന്ന് എത്ര ഏക്കർ ഭൂമിയുണ്ട്; വിശദവിവരം ലഭ്യമാക്കാമോ? | (എ) | കൃഷി വകുപ്പിന്റെ കീഴിൽ കോന്നി മെഡിക്കൽ കോളേജിന് സമീപമുള്ള ഭൂമിയിൽ നിലവിൽ തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. ടി സ്ഥലത്തിന്റെ ആകെ വിസ്തീർണം 1.571 Ha ആണ്. ഈ സ്ഥലത്ത് പുതിയ മാതൃവൃക്ഷത്തോട്ടം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി അഭിയു, റംബൂട്ടാൻ, N18, വിയറ്റ്നാം സൂപ്പർ ഏർലി പ്ലാവ്, കലാപട്ടി സപ്പോട്ട, അച്ചാച്ചിരു, പ്രിയൂർ, കോട്ടുകോണം മാവ് എന്നിവയുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ഗുണമേന്മയുള്ള മാതൃവൃക്ഷത്തിന്റെ തൈകളുടെ സംഭരണം നടന്നുകഴിഞ്ഞു. പ്രസ്തുത സ്ഥലത്ത് നടപ്പാക്കുന്ന മാതൃവൃക്ഷത്തോട്ടം പദ്ധതി പ്രകാരം ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ